LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി ഡിവിഷന്റെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പരിധിയിൽനിന്നും, 52 കേസ്സുകൾ കോട്ടയം ഫൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ നിന്നുമാണ് ബുക്ക് ചെയ്തിട്ടുള്ളത്.

(സി) കോതമംഗലം മണ്ഡലത്തിൽ തട്ടേക്കാട് റേഞ്ചിലും കുട്ടമ്പുഴ റേഞ്ചിലും റവന്യൂ - വനം വകുപ്പുകളുടെ അനുമതിയോടെ കട്ടിംഗ് പാസ്സ് ലഭിച്ച ശേഷം മരം മുറിച്ച് മാറ്റിയ കർഷകർക്കെതിരെ കൂറ്റി മഹസർ തയ്യാറാക്കി കേസ് എടുക്കുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇടുക്കി വന്യജീവി ഡിവിഷനിലെ തട്ടേക്കാട് റേഞ്ചിൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ അനുമതി പ്രകാരം പട്ടയഭൂമിയിൽ നിന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയ പട്ടയ കൈവശഭൂമി ഉടമസ്ഥർക്കെതിരെയാണ് 41 കേസ്സുകൾ ബുക്ക് ചെയ്തിട്ടുള്ളത്. കുട്ടമ്പുഴ റെയിഞ്ചിൽ ഇപ്രകാരമുള്ള മരംമുറി ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ കേസ് എടുക്കുന്നത് ഒഴിവാക്കി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള വനനിയമങ്ങളുടെ ലംഘനത്തിനാണ് കേസ്സുകൾ എടുത്തിട്ടുള്ളത്. ആയതിൽ നിയമാനുസൃതമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ദേശീയ വനവൽക്കരണ പരിപാടി

120 (426) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ വനവൽക്കരണ പരിപാടി. ശോഷിത വനങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും, അത്തരം പരിപാടികളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും, അതിലൂടെ അവരുടെ വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളോടൊപ്പം വനത്തെയും വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങളെയും, വനശോഷണത്തെയും ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനൽക്കരണ പരിപാടിവഴി നടപ്പിലാക്കിയിട്ടുണ്ട്. 2015-16 വർഷത്തോടെ അവസാനിച്ച ടി പദ്ധതിയുടെ തുടർച്ചയായി 2016-17 വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും ഉറപ്പുവരുത്തുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനവൽക്കരണത്തിന്റെ ഭാഗമായി വനവും മരങ്ങളും സംരക്ഷിക്കുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(എ&സി) ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വന വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽ സംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനം, വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ, വനശോഷണം, ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വനാശ്രിത

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തിന് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായ Entry Point Activities-ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജ സംവിധാനങ്ങളുടെ വിതരണം എന്നിവയും ടി പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ദേശീയ വനവൽക്കരണ പരിപാടിയിലൂടെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുക വഴി അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇ-ഓക്ഷൻ നടപടിക്രമങ്ങൾ

121 (427) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുമായി ബന്ധപ്പെട്ട ഇ-ഓക്ഷൻ നടപടിക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

2014 നവംബർ മാസം മുതൽ വനം വകുപ്പിലെ തടി വിൽപ്പന ഇ-ഓക്ഷൻ മുഖേനയാണ് നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd www.mstcecommerce.com എന്ന സ്ഥാപനത്തിനാണ് ഇ-ലേലത്തിന്റെ ചുമതല. ലേല നടപടിക്രമങ്ങളെ സംബന്ധിച്ച നോട്ടിഫിക്കേഷൻ 16-9-2014-ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 36-ലും, 4-11-2014-ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 43 - ലും, 25-8-2015-ലെ കേരള ഗസറ്റ് വാല്യം IV, ഗസറ്റ് നമ്പർ-34-ലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി വിവരങ്ങൾ www.mstcecommerce.com വെബ്സൈറ്റിലും ലഭ്യമാണ്. ഇ-ഓക്ഷൻ നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1) രജിസ്ട്രേഷൻ-ഇത് ഒറ്റ തവണ മാത്രം ചെയ്യേണ്ട പ്രവൃത്തിയാണ്. M/s MSTC Ltd www.mstcecommerce.com എന്ന വെബ്സൈറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഒരിക്കൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ പിന്നീട് കേരളത്തിലെ ഏത് തടി ഡിപ്പോയിലും നടക്കുന്ന ലേലത്തിൽ പങ്കെടുക്കാം. വ്യക്തികളുടെ പേരിലോ,